അനാഥക്കുട്ടികൾ

* 850. [16] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനാഥരായി യാചകവൃത്തിയിലേർപ്പെട്ട എത്ര കുട്ടികൾ (12 വയസ്സിനുതാഴെ) ഈ സംസ്ഥാനത്തിൽ ഉണ്ടായിരിക്കുമെന്നു പറയാമോ; ഓരോ ജില്ലയിലും എത്ര ;

(ബി) ഇങ്ങനെയുള്ള കുട്ടികളുടെ മേൽ സർവ്വേ നടത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ നടത്തി, അവരെ നിർബന്ധപൂർവ്വം അനാഥമന്ദിരത്തിലേക്കോ മറ്റോ അയയ്ക്കുവാൻ പരിപാടി ആസൂത്രണം ചെയ്യുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) കൃത്യമായി പറയാൻ നിവൃത്തിയില്ല.

(ബി) ഇല്ല.

(സി) ഇക്കാര്യത്തിൽ എന്തു ചെയ്യാൻ സാധിക്കുമെന്നു പരിശോധിക്കാം.

ശ്രീ. കെ. ഹസ്സൻ ഗനി : ഇങ്ങനെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന കുട്ടികളെ താമസിപ്പിക്കാൻ മട്ടാഞ്ചേരിയിൽ ഒരു കേന്ദ്രമുണ്ട്. അതു് വളരെ അധഃപതിച്ച നിലയിലാണു് നടക്കുന്നതു്. ആ കേന്ദ്രം നല്ല നിലയിൽ നടത്തുന്നതിനുവേണ്ട ഏർപ്പാടു ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : ഇങ്ങനെയുള്ള കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കാം

നിറുത്തിവച്ച മരാമത്തുവേലകൾ

* 851. [17] ശ്രീ. പി. കെ. നാരായണൻ നമ്പ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തിരാവസ്ഥമൂലം നിറുത്തിവച്ച മരാമത്തുവേലകൾ 1964-65 സാമ്പത്തികവർഷത്തിൽ പുനരാരംഭിക്കുന്നുണ്ടോ ;

(ബി) ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണു് ;

(സി) മലയോരപ്രദേശങ്ങളെ ഏറ്റവും അടുത്ത പട്ടണപ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകൾക്കും പാലങ്ങൾക്കും മുൻഗണന നൽകി അടുത്ത സാമ്പത്തിക വർഷത്തിൽ പ്രവൃത്തി തുടങ്ങുവാൻ ഉദ്ദേശമുണ്ടോ;

(ഡി) കൊയിലാണ്ടി സബ്ഡിവിഷനിൽപ്പെട്ട മലയോര റോഡായ പേരാമ്പ്ര—ചെമ്പ്ര—പെരുവണ്ണാമൂഴി റോഡും ചെമ്പ്ര പാലവും അടുത്തവർഷം പ്രവൃത്തി തുടങ്ങുവാൻ നിർദ്ദേശം നൽകുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ, ബി) ധനദൗർലഭ്യം മൂലം മാറ്റിവച്ചിട്ടുള്ള എല്ലാ വർക്കുകളും 1964–65 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുക സാദ്ധ്യമല്ല. പുതിയ വർക്കുകൾ തുടങ്ങുന്ന കാര്യം അടുത്തവർഷത്തെ ധനസ്ഥിതിയെ ആശ്രയിച്ചാണിരിക്കുന്നതു്.

(സി, ഡി) ഓരോ പ്രവൃത്തിയുടെയും പ്രാധാന്യവും ധനലഭ്യതയും പരിശോധന ചെയ്യാതെ ഇതേപ്പറ്റി ഇപ്പോൾ പറയുവാൻ നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഈ. ബലറാം : മലയോര പ്രദേശങ്ങളെ പ്രധാനപ്പെട്ട റോഡുകളുമായി ബന്ധിപ്പിക്കുന്ന റോഡുകളും ഉണ്ടാക്കുന്ന സംഗതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയും പ്രാധാന്യമുള്ള ഈ റോഡുകളുടെ പ്രവൃത്തി തുടങ്ങുന്നതിനും ഏറ്റവും വേഗം നടപടികളും എടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : മൂന്നാം പദ്ധതിയിൽ ഈ വിധത്തിലുള്ള കുറെയധികം വർക്കുകളും ഏറ്റെടുത്തു നടത്താൻ സാധിച്ചിട്ടുണ്ട്. അതിൽ മുഴുതലായി ചില വർക്കുകളും നടത്തണമെന്നാണ് ഇതിൽ ഉന്നയിച്ചിട്ടുള്ള കാര്യം അതിനെസംബന്ധിച്ചാണ് മറുപടി പറഞ്ഞത്.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : റോഡുകളുടെയും പാലങ്ങളുടെയും പ്രവൃത്തി രണ്ടുകൊല്ലമായി തുടങ്ങിയെങ്കിലും വഴിക്കുവച്ച് നിറുത്തിവച്ചിരിക്കുകയാണ്. നാട്ടുകാർക്ക് പേരാമ്പ്രയിലേക്ക് പോകുന്നതിനു മറ്റു മാർഗ്ഗമില്ലാത്തതുകൊണ്ട് ഈ മലയോരപ്രദേശങ്ങളിലുള്ള റോഡുകളുടെ പ്രവൃത്തി എത്രയും വേഗം മുന്നോട്ടുകൊണ്ടുപോകാൻ പരിശ്രമിക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ : അത് പരിശോധിക്കാം.

തണ്ണീർമുക്കം റഗുലേറ്ററിന്റെ പണി

* 852. [18] ശ്രീ. പി. എസ്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേത്രവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) തണ്ണീർമുക്കം റഗുലേറ്ററിന്റെ പണി ആരംഭിച്ചതെന്നാണ് ;

(ബി) ഇതുവരെയുള്ള പ്രവർത്തനപുരോഗതി എത്രമാത്രം ആയി ;

(സി) കായലിന്റെ കിഴക്കേ ഭാഗത്തു (വെച്ച്.ർ) പണികളും തുടങ്ങിയതെന്നാണ് ;

(ഡി) പ്രസ്തുത ഭാഗത്തു ആരംഭിച്ച പണിയെ സംബന്ധിച്ച് എന്തെങ്കിലും പരാതികളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ പരാതികളുടെ സ്വഭാവം എന്ത് ;

(എഫ്) ഇതു സംബന്ധിച്ച് എന്തു നടപടികളും സ്വീകരിച്ചു ?

ക്ഷേത്രവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) 27–2–1958-ൽ പ്രാരംഭ ജോലികളും ആരംഭിച്ചു.

(ബി) ഷട്ടർ ഇറക്ഷൻ, Pier, twin lock shutters എന്നിവയുടെ പണികളൊഴികെ ഏകദേശം മുന്നിലൊരുഭാഗം പ്രാജക്ടുപണികളും തീർന്നിട്ടുണ്ട്.

(സി) 21–1–1963-ൽ.

(ഡി) ഉണ്ട്.

(ഈ) Pile driving-നെക്കുറിച്ചുള്ള പരാതികളാണ്.

(എഫ്) പരാതികളെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഇന്നത്തെ നിലയ്ക്ക് ഈ തണ്ണീർമുക്കം റഗുലേറ്ററിന്റെ പണി ഇങ്ങനെ പോയാൽ എത്ര കൊല്ലംകൊണ്ട് തീരുമെന്നാണ് ഗവണ്മെന്റ് കരുതുന്നത് ?

ശ്രീ. ഈ. പി. പൗലോസ് : ഒരു വശത്തു മുഴുവനും പണി കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ പടിഞ്ഞാറുവശം കഴിഞ്ഞു. കിഴക്കേവശം ചെയ്യാൻ തോവുകയാണ്. രണ്ടു കൊല്ലംകൊണ്ട് തീർക്കാൻ കഴിയുമെന്നു ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly